# ദേവാലയ സംഗീതം

## അരുതാത്തതും, തിരുത്തേണ്ടതും



കേരളത്തിലെ ഒരു കത്തോലിക്കാ ദേവാലയത്തിലെ
ഗായക സംഘത്തിന്റെ പെർഫോമൻസ്!

ആരാധനക്രമത്തിൽ സംഗീതത്തിന് മറ്റെല്ലാ കലാരൂപങ്ങളേയുംകാൾ പ്രാധാന്യമുണ്ട്. ഗദ്യപ്രാർത്ഥനയേക്കാൾ ഏറെ ഹൃദയസ്പർശിയാണ് ഗാനപ്രാർത്ഥന. ഹൃദയത്തെ സ്പർശിക്കാൻ മാത്രമല്ല വിമലീകരിക്കാനും മനസ്സിനെ ആർദ്രമാക്കാനും അവയ്ക്ക് കഴിയും. സാഘോഷമായ ആരാധനക്രമത്തിലാകട്ടെ, സംഗീതം ഒഴിച്ചുകൂടാൻ വയ്യാത്ത ഘടകവുമാണ്.

വാദ്യോപകരണങ്ങളോടുകൂടിയ സങ്കീർത്തനാലാപം ആരാധനക്രമത്തിൽ സഭയുടെ ആരംഭം മുതലേ ഉണ്ടായിരുന്നതായി തോന്നുന്നു. ‘‘ദൈവസന്നിധിയിലായിരിക്കേ മനുഷ്യന് പാടാതിരിക്കാനാവില്ല’’ എന്ന, ബെനഡിക്ട് പതിനാറാമന്റെ വാക്കുകൾ ഈ സത്യത്തിലേക്ക് വിരൽചൂണ്ടുന്നു.

‘‘ഒരു വട്ടം പാടുന്നവൻ രണ്ടുവട്ടം പ്രാർത്ഥിക്കുന്നു’’ എന്ന ചൊല്ലിൽ നിന്നു തന്നെ പ്രാർത്ഥനാഗാനങ്ങളുടെ പ്രാധാന്യം വ്യക്തം. സംഗീതം പ്രാർത്ഥനയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു, ആരാധനയിൽ സമൂഹത്തിനു മുഴുവൻ പങ്കുചേരാൻ സഹായിക്കുന്നു, ആരാധന ആഘോഷപൂർവ്വമാക്കുന്നു, ദൈർഘ്യമേറിയ പ്രാർത്ഥനാശുശ്രൂഷകളുടെ മടുപ്പ് പരിഹരിക്കുകയും, ഏകാഗ്രത നഷ്ടപ്പെടുമ്പോൾ മനസ്സിനെ ഉണർത്തി, പ്രാർത്ഥനയിൽ അലിയാൻ സഹായിക്കുകയും ചെയ്യുന്നു, ഗാനങ്ങൾ. വി. അഗസ്റ്റിൻ എഴുതുന്നു, ‘‘നിങ്ങളുടെ പ്രാർത്ഥനാഗീതങ്ങൾ എന്റെ മനസ്സിനെ ആഴത്തിൽ സ്പർശിച്ച് വികാരതരളമാക്കി. ആ ഗാനതരംഗങ്ങൾ എന്റെ കാതിൽ പതിച്ചപ്പോൾ, ഹൃദയം അവയിലെ സത്യം അരിച്ചെടുത്തു. അത് ഭക്തിയുടെ വികാരം എന്നിലുണർത്തി. എന്റെ കവിൾത്തടങ്ങളിൽ കണ്ണീർ പുരണ്ടു’’. Catechism of the catholic Church( P, 229)

അതുകൊണ്ട്, ‘‘വിശ്വാസികളുടെ ഭക്തിഗാനങ്ങളെ പ്രോത്സാഹിപ്പിക്കണം, ദൈവജനത്തിന്റെ പ്രാർത്ഥനാശബ്ദം ഉയർന്നു കേൾക്കുമാറാകണം, പ്രാർത്ഥനാഗാനങ്ങൾ കത്തോലിക്കാ പ്രബോധനങ്ങൾക്ക് ഇണങ്ങുന്നവയാകണം, അവ വിശുദ്ധ ഗ്രന്ഥത്തേയും ആരാധനക്രമത്തിന്റെ ഉറവിടങ്ങളേയും അടിസ്ഥാനമാക്കി തയ്യാറാക്കിയവയുമാകണം’’.

### ഗായകസംഘത്തിന്റെ ധർമ്മം

ദൈവത്തെ പാടി സ്തുതിക്കാൻ ദൈവജനത്തെ സഹായിക്കുകയാണ് ഗായകസംഘത്തിന്റെ ധർമ്മം. ഇന്ന് പല ദേവാലയങ്ങളിലും നടക്കുന്നതോ? നാലഞ്ചു പേർ ചേർന്ന് കൊട്ടിപ്പാടിത്തിമിർക്കുക! ദൈവത്തെയോ കാർമ്മികനേയോ വിശ്വാസികളെയോ അവർ പരിഗണിക്കുന്നില്ല. മഴയും വെയിലും വകവെയ്ക്കാതെ ദൈവജനം പള്ളിയിലെത്തുന്നത് തങ്ങളുടെ ദുഃഖങ്ങൾ ദൈവതിരുമുമ്പിൽ ഉണർത്തി, തെല്ലുനേരം കരയാനോ, അവിടുത്തെ പരിപാലനയ്ക്ക് നന്ദി ചൊല്ലി വാഴ്ത്തിപ്പാടാനോ, ജീവിത വ്യഗ്രതകളിൽനിന്ന് മോചനം നേടി അല്പനേരം ദൈവിക ശാന്തിയിൽ അലിയാനോ ഒക്കെയാണ്. കണ്ണീരിനും പുഞ്ചിരിയ്ക്കും ഏകാന്തതയ്ക്കും ഒരു മൂളിപ്പാട്ടിന്റെ അകമ്പടി എത്ര ആഹ്ലാദകരവും ആശ്വാസകരവുമാണെന്ന് ദൈവജനത്തിനറിയാം!

ഏശയ്യ പറയുന്നു, ‘‘കർത്താവ് ഉന്നതമായ സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്നതു ഞാൻ കണ്ടു. അവിടുത്തെ വസ്ത്രാഞ്ചലം

ദേവാലയം മുഴുവൻ നിറഞ്ഞുനിന്നു. അവിടുത്തേ ചുറ്റും സെറാഫുകൾ നിന്നിരുന്നു.....അവ ഉദ്ഘോഷിച്ചുകൊണ്ടിരുന്നു: പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ, ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞിരിക്കുന്നു. അവയുടെ ശബ്ദഘോഷത്താൽ പൂമുഖത്തിന്റെ അടിസ്ഥാനങ്ങൾ ഇളകുകയും ദേവാലയം ധൂമപൂരിതമാവുകയും ചെയ്തു'' (ഏശ.6-4). ചില ഗായക സംഘങ്ങൾ പാടുമ്പോൾ, ഈ സ്വർഗ്ഗീയഗാനധാര നമ്മെ തഴുകുന്നതുപോലൊരനുഭവം; അതിന്റെ പ്രവാഹത്തിൽ മാലാഖമാരും മനുഷ്യരും, ദേവാലയാന്തരീക്ഷം മുഴുവനും അലിഞ്ഞുചേരും. കണ്ണടച്ച് കൈകൂപ്പി നില്ക്കെ, ആ പാട്ടിന്റെ പ്രതിസ്പന്ദനം നമ്മുടെ ഹൃദയത്തെ ഒരലൗകികവിസ്മൃതിയിലാഴ്ത്തും. ആ ഭാവതാരള്യത്തിൽ നിന്നു വിട്ടുപോരാൻ കൂട്ടാക്കാതെ, മനസ്സ് ആ രാഗം പിന്നേയും മൂളിക്കൊണ്ടിരിക്കും. അത്തരം അനുഭവം തരുന്നതാകാണം ദേവാലയഗീതങ്ങൾ എന്നാണ് ദൈവജനത്തിന്റെ മോഹം.

## ചില ഗാനരചനാതത്ത്വങ്ങൾ

ക്രൈസ്തവ സമൂഹത്തിൽ ഗാനരചയിതാക്കളും കവികളും താരതമ്യേന കുറവാണ്. നമ്മുടെ സമൂഹം കൃഷിയിലുംകച്ചവടത്തിലുമാണ് മനസ്സർപ്പിക്കുന്നത്. കലയും കവിതയും നമുക്ക് പിടിതരാതെ ഇപ്പോഴും തുടരുന്നു. പ്രോത്സാഹനക്കുറവുകൊണ്ടാണ് എന്നു പരാതിയുണ്ട്. മൂല്യമുള്ള സൃഷ്ടികൾ വരുമ്പോൾ അഭിനന്ദിക്കാതിരിക്കുന്നത് തെറ്റുതന്നെ. അക്കാര്യത്തിൽ നമ്മൾ അല്പം പുറകിലാണ്, പ്രോത്സാഹനത്തിൽ നമുക്ക് പിശുക്ക് വേണ്ട.

ഇന്നു പ്രസിദ്ധീകരിക്കുന്ന സി.ഡി/ യൂട്യൂബ് പാട്ടുകൾ മിക്കതും നിലവാരം കുറഞ്ഞവതന്നെ. ഭാഷാസാഹിത്യ നിയമങ്ങളൊന്നും പാലിക്കാതെ എഴുതാൻ തുടങ്ങിയാലോ? പഠിച്ചും ധ്യാനിച്ചും എഴുതുന്നത് ഒരു തപസ്യയാണ്. ജന്മ വാസന ഒഴിച്ചുകൂടാൻ വയ്യാത്ത സിദ്ധിയും, അതുണ്ടെങ്കിലേ വിജയിക്കൂ. പാട്ടിനും വേണം ഇത്തിരി കാവ്യഭാവന, പച്ചയായ ഗദ്യമെഴുതി നീട്ടിയും കുറുക്കിയും രാഗങ്ങൾ പരത്തി പാട്ട് പടയ്ക്കുന്നവരോട്, നിങ്ങൾക്ക് ഹാ കാഷ്ടം! എന്നല്ലാതെ എന്തു പറയാൻ?

ഒരർത്ഥവുമില്ലാതെ, കേൾക്കാൻ സുഖമുള്ള പദങ്ങൾ നിരത്തി ഇമ്പമുള്ള താളം കൊടുത്താൽ ഭക്തിഗാനമാവില്ല. ദശകങ്ങളായി പാടുന്ന പ്രസിദ്ധമായ പാട്ടാണ് 'യെരുശലേമിലെ വന്മരമേ' എന്നത്. ആരോട് ചോദിച്ചിട്ടും ആ പാട്ടിലെ ചില വരികളുടെ അർത്ഥം എനിക്ക് ഇതു വരെ മനസ്സിലായിട്ടില്ല! ഈയിടെ ഇറങ്ങിയ ആയിരക്കണക്കിന് പാട്ടുകളിൽനിന്ന് ആരാധകന്റെ ഹൃദയത്തെ തൊട്ടുണർത്തുന്ന, ഒട്ടൊക്കെ ഭാഷാശുദ്ധിയും കാവ്യാത്മകതയും, അർത്ഥനിറവും സംഗീത സ്വഭാവവുമുള്ള അമ്പതു പാട്ടുകൾ കിട്ടുമോ? കിട്ടുമെങ്കിൽ നമ്മളെത്ര ധന്യരാകുമായിരുന്നു!

## സ്വരരാഗസംവിധാനം

ജീവിതം അടിച്ചുപൊളിക്കുക എന്നതാണ് കാലിക സമൂഹത്തിന്റെ സമീപനരീതി. പള്ളിപ്പാട്ടുകളുടെയും കർമ്മങ്ങളുടെയും ശൈലിയിലുമുണ്ട് ഈ സമീപനത്തിന്റെ പ്രതിഫലനം. കുമ്പസാരമെന്ന കൂദാശയുടെ പരികർമമൊഴികെ, എല്ലാ കർമ്മങ്ങൾക്കും ഉച്ചഭാഷിണി ഉപയോഗിക്കുന്നു. വേണ്ടിടത്തും വേണ്ടാത്തിടത്തും ആ യന്ത്രം നാം പ്രവർത്തിപ്പിക്കുന്നു. അതുവഴി നാമുണ്ടാക്കുന്ന ശബ്ദമലിനീകരണം, ഔദാര്യപൂർവ്വം ക്ഷമിക്കുന്ന സഹോദരങ്ങളേ ഹൃദയപൂർവ്വം നമിക്കാതെ വയ്യ.

ഉച്ചഭാഷിണി യന്ത്രത്തിൽ സ്വരസംവിധാനം ചെയ്യുന്ന ആംപ്ലിഫയറിൽ ആറു വിതാനങ്ങളുണ്ട്. കേൾവിക്കാർ ഏറെ പേരില്ലെങ്കിലും നമ്മളത് കാതടിപ്പിക്കുന്ന സ്വരത്തിലേ പ്രവർത്തിപ്പിക്കൂ! കാരണം, അത് സ്വരമുണ്ടാക്കാനുള്ള യന്ത്രമാണ്!

ശബ്ദഘോഷം ദേവാലയ കർമ്മങ്ങളെ എത്രമാത്രം അരോചകമാക്കുന്നുവെന്ന് ആരോട് പരാതിപ്പെടാൻ! ശബ്ദനാളിയിൽ തുള വിണ ചിലർ ചേർന്ന് നടത്തുന്ന ഗാനാലാപം ഓർത്തു നോക്കൂ, ആംപ്ലിഫയർ ഏറ്റവും ഉച്ചസ്ഥായിയിൽ പ്രവർത്തിപ്പിച്ച് ഓരോരുത്തർ ഓരോ മൈക്രോ ഫോൺ വായിൽ തിരുകി, അലറുകയും, അമറുകയും ചെയ്താലുള്ള അവസ്ഥ? ദേവാലയ ഗീതങ്ങളും കർമ്മങ്ങളും സൗമ്യശബ്ദത്തിലാകുന്നതാണ് നല്ലത്. സമൂഹത്തിലെ ഭൂരിപക്ഷത്തിന് കൂടിപ്പാടാവുന്ന സ്വരവ്യാപനത്തിലേ ആകാവൂ അത്. ''നിങ്ങളാരും വാ തുറക്കേണ്ട; ഈ യന്ത്രം വച്ച് ഞങ്ങൾ ഈ നാട് മുഴുവൻ വിറപ്പിച്ചുകൊള്ളാം'' എന്ന മട്ട് ദേവാലയ കർമ്മങ്ങൾക്ക് നന്നോ? ദേവാലയത്തിൽ എന്താണ് നടക്കുന്നത്? ഗാനമേളയോ ഈശ്വര നിന്ദയോ? മിതമായ വാക്കുകളിൽ, ഇന്നത്തെ ദേവാലയ സംഗീതം ചിലയിടങ്ങളിൽ ഭക്തരായ വിശ്വാസികൾക്ക് വലിയ ശല്യമായിരിക്കുന്നു! ദൈവത്തേയും ദൈവജനത്തേയും അത് ഹൈജാക്ക് ചെയ്തുകൊണ്ടിരിക്കുന്നു!

ഗായക സംഘത്തിലെ എല്ലാവരും സാമാന്യം നല്ല പാട്ടുകാരായിരിക്കും. വലിയൊരു സമൂഹത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരാണല്ലോ അവർ. എന്നാൽ കാർമ്മികരെല്ലാവരും പാട്ടുകാരാകണമെന്നില്ല. അതുകൊണ്ട്, അനുബന്ധഗാനങ്ങളെങ്കിലും കഴിയുന്നിടത്തോളം കാർമ്മികന്റെ സ്വരത്തിന് അനുഗുണമാകുന്നതാണ് ഉചിതം.അദ്ദേഹത്തെയൊന്ന് മാറ്റുരച്ച്,

വിയർപ്പിച്ച് മിടുക്കരാകാൻ മത്സരിക്കുന്നത് ഗായക സംഘത്തിന്റെ വില കുറഞ്ഞ ഏർപ്പാടാണ്.

## എങ്ങനെ പാടണം?

ദേവാലയഗീതങ്ങൾ എങ്ങനെ പാടണമെന്ന് ചോദിച്ചാൽ 'ഹൃദയം കൊണ്ട്' എന്ന് ഒറ്റ വാക്കിലുണ്ട് മറുപടി. പലരും വാ കൊണ്ട് മാത്രമാണ് പാടുന്നത്. അർത്ഥം ആലോചിക്കില്ല, മനസ്സിലാക്കില്ല, പാടാൻ നിൽക്കുന്ന സ്ഥലത്തൊന്നും അവരുടെ ഹൃദയമുണ്ടാകുകയില്ല. പാടുന്ന പദങ്ങൾ ഉൾക്കൊള്ളുന്ന അർത്ഥം അവർക്ക് പ്രസക്തമല്ല. സ്വര-രാഗങ്ങൾ മാത്രമാണ് അവർക്ക് പ്രധാനം. സ്വരം ഞെട്ടിക്കുന്നത്, രാഗം ഒഴുകുന്ന വെള്ളത്തിൽ ഒതളങ്ങയുടെ തിരി-മറികൾ പോലുള്ളവ. ഒതളങ്ങ ഒഴുക്കിൽപ്പെട്ട തിരിയുകയും മറിയുകയും ചെയ്യുന്നതേയുള്ളു. അതിനു മനസ്സോ ഹൃദയമോ ഇല്ല. ആവശ്യവുമില്ല, ഗായക സംഘങ്ങൾക് മനസ്സും ഹൃദയവുമൊന്നും വേണ്ടേ? ഇടയ്ക്കിടക്ക് അവർ പോയി സിഗരറ്റ് വലിക്കുന്നതും, കുശുകുശുക്കുന്നതും അടുത്ത പാട്ടിന്റെ രാഗവിസ്താരം ഓർഗനിൽ പരിശീലിക്കുന്നതും മറ്റും എന്താണ് സൂചിപ്പിക്കുന്നത്!

ആരാധകർക്ക് ഹൃദയംകൊണ്ട് ഏറ്റുപാടാൻ കഴിയുന്ന സ്വരരാഗതാളങ്ങളിൽ പാടണം. അങ്ങനെയായാൽ പാട്ട് നിലയ്ക്കുമ്പോൾ, അതിന്റെ അനുരണനം ആത്മാവിൽ അലയടിച്ചു കൊണ്ടിരിക്കും, മഴ നില്ക്കുമ്പോൾ മരം പെയ്യുന്നതുപോലെ. കൊടുങ്കാറ്റിലും ഭൂകമ്പത്തിലും പ്രളയ പ്രവാഹത്തിലും കർത്താവുണ്ടായിരുന്നില്ല. ഏലിയാ പ്രവാചകൻ വിചാരിച്ചത്, അങ്ങനെയൊക്കെയാവും കർത്താവ് വരുന്നത് എന്നാണെന്ന് തോന്നുന്നു. ഒരു മൃദുശബ്ദത്തിലാണ് അവിടുന്ന് അധിവസിച്ചത് (11 രാജാ 19:11-13). ആലിലയുടെ മർമ്മരങ്ങളിലാണ് മഹർഷിവര്യർ ദൈവത്തിന്റെ സ്വരം കേട്ടത്; പുഴയുടെ മൃദുലതയിലാണ് ദർശനങ്ങൾ വിരിഞ്ഞത്. മരുഭൂമിയുടെ ശാന്തിയിലും വനങ്ങളുടെ മൗനത്തിലുമാണ് വിശുദ്ധർ ദൈവത്തെസന്ധിച്ചത്. ''ശാന്തമാവുക; ഞാൻ ദൈവമാണെന്നറിയുക''യെന്നു സങ്കീർത്തനം (46:10). മനസ്സിന്റെ കിരുകിരുപ്പിലും ഹൃദയത്തിന്റെ തേങ്ങലിലും നമ്മുടെ നെടുവിർപ്പുകളിലും കർത്താവ് അധിവസിക്കുന്നു! ഭജനരീതികൾ ആവർത്തിച്ച് ഭക്തന്റെ ഹൃദയം ഈശ്വര വിചാരത്തിൽ ലയിക്കുന്നണ്ടല്ലോ; അതുപോലെ, ദൈവാലയഗീതങ്ങൾ പാടിയും അയവിറക്കിയും നാം ദൈവാത്മാവിൽ ചേക്കേറണം. അതാണ് ആരാധനാഗാനത്തിന്റെ ഉദ്ദേശ്യം.

നമ്മുടെ വിശുദ്ധ കർമ്മങ്ങൾ പലപ്പോഴും സാമാന്യത്തിലേറെ നീണ്ടതാണ്. അതു പിന്നേയും ദീർഘിപ്പിക്കുന്ന ആവർത്തനവും ശ്രുതിദൈർഘ്യവും ഒഴിവാക്കണം. വരികൾ ആവർത്തിച്ചു പാടി ശീലിച്ചവർക്ക്, ആവർത്തനം ഒഴിവാക്കുമ്പോൾ എന്തോ വിട്ടുപോകുന്നതുപോലെ തോന്നാം. നാലുവട്ടം അങ്ങനെ പാടുമ്പോൾ, ആ പ്രശ്നം അനുഭവപ്പെടുകയില്ല.

## സംഗീതോപകരണങ്ങൾ

സംഗീതോപകരണങ്ങൾ എത്ര വേണം? ഒന്നേയൊന്നുമതി; ഒമ്പതാകുന്നതിനും തടസ്സമില്ല. അവ സ്വരതാളങ്ങളിൽ ലയിക്കണം. ഇല്ലെങ്കിൽ അവയിലുണരുന്നത് ഗാനമാവില്ല, ഗാനകലാപമായിരിക്കും. അങ്ങനെയെങ്കിൽ ഒരുപകരണം മാത്രമാകുന്നതാണ് നന്ന്. അതും കരുതലോടെ ഉപയോഗിക്കാനറിയില്ലെങ്കിൽ ഒന്നുപോലും വേണ്ടതാനും; വായ്പ്പാട്ട് ധാരാളം മതി.



സംഗീതോപകരണങ്ങൾ എന്തിനാണ്? ആരാധനാഗാനങ്ങൾക്ക് കൊഴുപ്പും ഇമ്പവും വർദ്ധിപ്പിക്കാൻ, ആരാധനയ്ക്ക് എത്തുന്ന ഭക്തസമൂഹത്തിന് സ്വര-താളങ്ങൾ നിർണയിച്ചുകൊടുക്കാൻ; ഇല്ലെങ്കിൽ ഓരോരുത്തരും ഓരോരോ സ്വരത്തിലും രാഗത്തിലും പാടിപ്പോകും. എന്നാൽ, ഉപകരണങ്ങളുടെ ശബ്ദത്തിന്റെ ആധിക്യത്തിൽ സംഗീതംമുങ്ങിച്ചാവാനുംഇടയാകരുത്.

## പാട്ടുകാരെത്ര വേണം?

ഉപകരണങ്ങളെക്കുറിച്ച് പറഞ്ഞത് പലതും ഗായക സംഘാംഗങ്ങൾക്കും ബാധകമാണ് സമൂഹത്തിന് നേതൃത്വം നല്കാൻ എത്ര പാട്ടുകാർ വേണം? പള്ളിപ്പാട്ട് ഒന്നോ ഒമ്പതോ പേരുടെ കുത്തകയല്ല. ആരാധനാ സമൂഹമാണ് പാടുന്നത്. പാടാൻ അവരെ സഹായിക്കുകയാണ് ഗായകസംഘം ചെയ്യേണ്ടത് എന്നു പറഞ്ഞു കഴിഞ്ഞു. ആരാധനയുടെ വിവിധ ഘട്ടങ്ങളിൽ പാടേണ്ട പാട്ട് നിശ്ചയിക്കുക; അതിന്റെ സ്വര-രാഗ-താളങ്ങൾ നിർണയിക്കുക, ഒന്ന് 'ഇട്ടുകൊടുക്കുക, തുടങ്ങിക്കൊടുക്കുക' എന്നീ കാര്യങ്ങളാണ് പാട്ടുകാരിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഇല്ലെങ്കിൽ, വിവിധ സ്വരങ്ങളും താളങ്ങളും കൊണ്ട് ഈ ആരാധനാ ഗീതികൾ ബഹളമയമായിത്തീരാം.

പാട്ടിന് നേതൃത്വം നൽകാൻ ഒരേയൊരാൾ മതി. ഒരു പുരുഷ സ്വരവും ഒരു സ്ത്രീ സ്വരവുമുണ്ടെങ്കിൽ. ഏറെ നന്ന്. ദേവാലയ ശുശ്രൂഷയ്ക്കിടയിൽ ആരും സോളോ പാടി കയ്യടിയോ അഭിനന്ദനമോ നേടാൻ ശ്രമിക്കരുത്. സോളോ മിക്കപ്പോഴും ജനത്തിന് പരിചയമില്ലാത്തതായിരിക്കും. അവ ആരാധകരെ കേൾവിക്കാരാക്കി മാറ്റുന്നു.

## എത്ര മൈക്രോഫോൺ

ഗായക സംഘത്തിൽ എല്ലാവർക്കും മൈക്രോഫോൺ ആവശ്യമുണ്ടോ? ഉണ്ടെന്ന് തോന്നുന്നില്ല. ഓരോരുത്തരും ഓരോ മൈക്രോഫോൺ പിടിച്ച് ഷൈൻ ചെയ്യുകയോ ബഹളമുണ്ടാക്കുകയോ വേണ്ട. ആരാധനാഗാനവും അതിന്റെ സ്വരലയങ്ങളും സമൂഹത്തിന് മുഴുവൻ എത്തിച്ചുകൊടുക്കാൻ വേണ്ടിയാണ് മൈക്രോഫോൺ. നിർദ്ദിഷ്ട ശബ്ദ-താളങ്ങളിൽ പാടാൻ ജനത്തിന് പ്രേരണ നല്കുകയാണ് ഉദ്ദേശ്യം. അതിന് ഒരൊറ്റ മൈക്രോഫോൺ ധാരാളം മതിയാകും. ഒന്നേയുള്ള എന്നതുകൊണ്ട്, പാട്ടുകാരെല്ലാവരും അതിനുചുറ്റും വാപൊളിച്ചു നില്ക്കുകയും വേണ്ട. ശ്രുതി യൊന്നു മീട്ടിക്കിട്ടിയാൽ പാട്ടൊന്നു തുടങ്ങിക്കൊടുത്താൽ സമൂഹം ഒന്നടങ്കം പാടിക്കൊള്ളും. സമൂഹം പാടാൻ തുടങ്ങുമ്പോൾ, പാട്ടുകാർ തങ്ങളുടെ സ്വരമൊന്ന് മയപ്പെടുത്തട്ടെ. അവർ തുടർന്നും മൈക്രോഫോണിലൂടെ ശബ്ദത്തിൽ പാടിക്കൊണ്ടിരുന്നാൽ സമൂഹം വായടച്ചു കളയും, യന്ത്രത്തിന്റെ സ്വരത്തിൽ പാടാൻ ആരാധകർക്ക് സാധിക്കില്ലല്ലോ.

## പുതുമയ്ക്ക് വേണ്ടിയുള്ള ദാഹം

നമ്മുടെ പള്ളിപ്പാട്ടുകൾ ജനത്തിന് മുഷിയുന്നു എന്ന് വിധിക്കുന്നത് ഗായകസംഘങ്ങളാണെന്നു തോന്നുന്നു. എന്നിട്ട്, വാളെടുക്കുന്നവനൊക്കെ വെളിച്ചപ്പാടെന്നപോലെ സി.ഡി/യൂട്യൂബ് ചാനലുകൾ ഭക്തിഗാനങ്ങൾ ഇറക്കുന്നു! വർഷങ്ങൾ പിന്നിട്ട 'വാവയേശുനാഥ,' 'ഓശാന ഈശനു സതതം' തുടങ്ങിയ പാട്ടുകൾ ഇന്നും ജനം ഹൃദയപൂർവ്വം ഏറ്റുപാടുന്നുണ്ടല്ലോ? പുതിയ പാട്ടിന്റെ അവതാരകർ കുറഞ്ഞപക്ഷം അതിന്റെ സ്ക്രിപ്റ്റ് വികാരിയച്ചന്മാരെ കാണിച്ചു അംഗീകാരം വാങ്ങട്ടെ. വേദപാഠ ക്ലാസ്സുകളിലോ, കുർബാനയ്ക്കുമുമ്പ് പള്ളിയിൽ വച്ചുതന്നെയോ അവ ആരാധകരെ പരിശീലിപ്പിക്കുകയും വേണം. അംഗീകാരമില്ലാത്തതും ദൈവജനത്തിന് പരിചയമില്ലാത്തതുമായ പാട്ട് വിശുദ്ധകർമ്മങ്ങൾക്ക് ഒരിക്കലും അനുവദിക്കരുത്. പൂജാഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള പാട്ടുകളുടെ അർത്ഥം മനസ്സിലാക്കാതെ, തോന്നിയ മാറ്റങ്ങൾ വരുത്തി പാടികൊണ്ടിരിക്കുന്ന ഗായക സംഘങ്ങളും ശ്രദ്ധിക്കണം.

ഇനി പഴയപാട്ടുകൾതന്നെ ആയാലും പുതിയ രാഗങ്ങളിൽ പാടുന്നവരുണ്ട്. വേറെ ചില ഗാനങ്ങളുടെ അവസാനത്തെ, ആർക്കും അറിഞ്ഞു കൂടാത്ത നാല് വരികൾ പാടുന്നു. അതായത് ദൈവജനത കൂടെപാടരുത് എന്ന് നേർച്ച നേർന്നതു പോലെയാണ് ഈക്കൂട്ടർ. പല രീതിയിലുള്ള പല ഗാനങ്ങൾ കൂട്ടിചേർത്ത് ഫ്യൂഷനും ഇറക്കിതുടങ്ങിയിട്ടുണ്ട്.

ഒരിക്കൽകൂടി ആവർത്തിക്കുന്നു: വി. കുർബാനയുടെ സമയത്ത് കാർമ്മികനും കപ്യാരും, അൾത്താര ശുശ്രൂഷകരും, പ്രഘോഷകരും എല്ലാം ദൈവ ജനത്തിന്റെ ശുശ്രൂഷകരാണ്. അവരെ നോക്കുകുത്തികളാക്കുന്നവരോ, അവരെ ഭരിക്കുന്നവരോ ആകരുത് പാട്ടുകാർ.

വി.കുർബ്ബാനയിൽ ഗായകസംഘം ഒരു പ്രധാന റോൾ(ministry) നിർവഹിക്കുന്നു. ഈ ലെവലിലേക്ക് അവരെ ഉയർത്താൻ, വേണ്ട പരിശീലനക്ലാസുകൾ (ഉദാ. ലിറ്റർജി, തിയോളജി) ഫൊറോന തലത്തിലെങ്കിലും നടത്തേണ്ടതാണ്. അവർക്ക് ഒരു പ്രധാന റോൾ ഉണ്ടെന്ന് അവർ മനസിലാക്കണം, അവരും ആരാധനാ സമൂഹത്തിന്റെ ഭാഗമാണ്, അവരുടെ ഭക്തിയും തീക്ഷണതയും ഉണർവ്വും, ആദ്ധ്യാത്മികതയും സമൂഹത്തിന് ഒരു മാതൃകയാകണം.

കടപ്പാട് : ഫാ. ഡോക്ടർ പോൾ മണവാളൻ (Late)
ഫാ. ജോസ് പാലത്തിങ്കൽ
Ph : 9446800044

വാൽകഷണം : *പാശ്ചാത്യ രാജ്യങ്ങളിലോ മറ്റു വികസിത നാടുകളിലോ ഇത്തരം വൈകൃതങ്ങൾ വളരെ വളരെ കുറവാണ്. ഇതിനെല്ലാം അവിടെ ഏറെ സാധ്യതകൾ ഉണ്ടെന്നു ഓർക്കുക.*

*ഒരിക്കൽ നമ്മുടെ നാട്ടിലെ ഒരു ഗായക സംഘത്തോട് ചോദിച്ചു, 'എന്തിനാണ് ഉയർന്ന സ്വരത്തിൽ വായിച്ചു ശബ്ദകോലാഹലം സൃഷ്ടിക്കുന്നത്'. മറുപടി; "പാടാൻ വന്ന അച്ചനോട് ചോദിച്ചാൽ ഇതിനുള്ള ഉത്തരം കിട്ടും. ബലിയർപ്പിക്കുമ്പോൾ അച്ചൻ കണ്ണും കയ്യും കാണിച്ചു, പാട്ടിന്റെ പിച്ചും വോളിയവും കൂട്ടാൻ പറയും. ഞങ്ങൾക്ക് എന്ത്ചെയ്യാനാവും". ഇത് ലിറ്റർജിയുടെ മറ്റൊരു ശാപമാണ്, വേലിതന്നെ വിളവ് തിന്നുന്നു!*

# പള്ളിയിലെ പാട്ടിനെക്കുറിച്ചു തന്നെ



**ജെറി അമൽദേവ്:** ദേവാലയത്തിലെ ശബ്ദത്തിന്റെ അതിപ്രസരത്തെകുറിച്ച് ആരും ശ്രദ്ധിക്കുന്നില്ല. പള്ളികളുടെ ഒരു വിശുദ്ധിയുണ്ട്. അത് നിശ്ശബ്ദതയുമായി ബന്ധപ്പെട്ടിരിക്കുന്നു. നിശ്ശബ്ദതയുമായി ബന്ധപ്പെട്ട ഒരു രഹസ്യാത്മകതയുണ്ട്. അതിപ്പോൾ നമുക്കു നഷ്ടമായിരിക്കുകയാണ്. സിനിമാ തിയേറ്ററുകളെ വെല്ലുവിളിക്കുന്ന സൗണ്ട് സിസ്റ്റം നമ്മൾ പള്ളിയിൽ കൊണ്ടു വരേണ്ട യാതൊരു കാര്യവുമില്ല. അത് അങ്ങേയറ്റം തെറ്റാണ്. യൂറോപ്പിലൊക്കെയുള്ള ഏതെങ്കിലും പള്ളിയിൽ പോയിരുന്നാൽ എത്രയോ സമാധാനം തോന്നും. കാർമ്മികൻ നമ്മുടെ ചെവിയിൽ സംസാരിക്കുന്ന പോലെയേ തോന്നുകയുള്ളൂ. ഇവിടെയാണെങ്കിൽ, വൻശബ്ദത്തിൽ കേൾപ്പിക്കുന്നതാണ് സൗണ്ട് സിസ്റ്റമെന്നു തെറ്റിദ്ധരിക്കപ്പെട്ടു. പള്ളികളിൽ ഇപ്പോൾ കാണുന്ന ഒരു പ്രശ്നം, സൗണ്ട് സിസ്റ്റത്തിന്റെ ഉത്തരവാദിത്വമുള്ള ആരും ഇല്ലെന്നതാണ്. കപ്യാർ തിരികത്തിക്കാൻ പോകുന്ന വഴിക്ക് ഒന്നു തിരിച്ചു കൊടുക്കും. ഇതിനിടയിൽ കൊച്ചച്ചൻ പോകുമ്പോൾ ബെയ്സ് പോരാ എന്നു പറഞ്ഞ് അല്പം ബെയ്സ് കൂട്ടി വയ്ക്കും. ഇതെന്തൊരു വിരോധാഭാസം? ബെയ്സ് കൂട്ടുന്നതെന്തിനാണ്? വില്ലന്റെ സ്വരം കടുപ്പിക്കാൻ സിനിമാക്കാർ ചെയ്യുന്നതാണ് ബെയ്സ് കൂട്ടല്. അതിനു പള്ളിയിലെന്താണു കാര്യം? കർത്താവിനോടു വർത്തമാനം പറയാൻ ബെയ്സ് ആവശ്യമില്ല. ചെറുപ്പക്കാരായ പല വൈദികരും സൗണ്ട് സിസ്റ്റം ദുരുപയോഗിക്കുന്നുണ്ട്. കുർബാന ഒരു നാടകമല്ല. ചില യുവവൈദികർ ഇതു നാടകമാണെന്ന മട്ടിൽ കാണുന്നുണ്ട്. കുർബാന തുടങ്ങി അവസാനം വരെ കീബോർഡ് വായിച്ചു കൊണ്ടിരിക്കും. കൂദാശവചനങ്ങൾ പറയുമ്പോഴും കീബോർഡ്. എന്താണതിന്റെ കാര്യം? TV ക്കാരു കാണിക്കുന്ന സകല അഴുക്കു കോമാളിത്തരങ്ങളും നാം പള്ളിയിലേയ്ക്കു കൊണ്ടു വന്നിരിക്കുകയാണ്. ഇതു വളരെ മോശമാണ്.

## ഗായകസംഘം ശ്രദ്ധിക്കാൻ:

1. ഗായക സംഘം ആലപിക്കുമ്പോൾ എല്ലാവരുടെയും ശബ്ദത്തിന് ഒത്തിരിപ്പും ലയവും ഉണ്ടാവണമല്ലോ. അതുണ്ടാവാൻ, ഒരാളുടെ മാത്രം ശബ്ദം ഉയർന്നു നില്ക്കാൻ പാടില്ല.
2. എല്ലാവർക്കും അറിയാവുന്ന പ്രാർത്ഥനചൊല്ലുമ്പോൾ കുറച്ചുപേർ മൈക്രോഫോൺ കയ്യിലെടുത്തു ചുണ്ടോടുചേർത്തു ഉച്ചത്തിൽ ചെല്ലുന്നതു സമൂഹത്തിനു അരോചകം ആണ്. സമൂഹത്തെ പ്രാർത്ഥിപ്പിക്കാതിരിക്കുകയാണ് അതുവഴി.
3. പുതിയ പാട്ടുകൾ പാടുന്നെങ്കിൽ അതിന്റെ വരികൾ നേരത്തെ എഴുതിയോ അച്ചടിച്ചോ whatsApp ആയോ ജനത്തിനു കൊടുക്കുക.
4. പാട്ടു തുടങ്ങാൻ നീണ്ട ബാക് ഗ്രൗണ്ട് ഉപയോഗിക്കാതിരിക്കുക.
5. Choir ഉം ഗാനമേളയും രണ്ടാണ്. രണ്ടാമത്തെതിന്റെ ലക്ഷ്യം പണവും പ്രശസ്തിയുമാണ്. Choir ഭക്തിയുടെ സ്വാഭാവിക പ്രകടനമാണ്. അവിടെ പണവും popularity യും കടന്നു വരരുത്.
6. choir പാടാൻ വരുമ്പോൾ, പാടുന്നതിനു മുമ്പുള്ള ഒരുക്കമായി 15 മിനിട്ടെങ്കിലും ഒന്നിച്ചു കൂടി പരിശീലനം നടത്തുക; പ്രാർത്ഥിക്കുക. പാട്ടിനെകുറിച്ചും Background നെ ക്കുറിച്ചും വ്യക്തമായ, കൂട്ടായ ധാരണ വേണം.
7. പാടുന്നവരും ആരാധന സമൂഹത്തിന്റെ ഭാഗമാണ്. പാട്ടുകാർ വേറിട്ട് നിൽക്കാൻ പാടില്ല. (ഫാദർ സാമുവേൽ ജോൺ പറയുന്നതുപോലെ) ഗായകസംഘം, കാർമികനേയും സമൂ

ഹത്തെയും പാടാൻ സഹായിക്കുകയാണ്, പ്രാർത്ഥിക്കാനും.

8. ഗായക സംഘം പാടാൻ തുടങ്ങുമ്പോൾ, സമൂഹം പാട്ടു നിർത്തുന്നു എങ്കിൽ പാട്ടുകാർ അവരെ പാടാൻ സഹായിക്കുകയല്ല, മറിച്ചു അവരെ വെറും കേൾവിക്കാർ ആക്കുകയാണ്, ഗാനമേളയിൽ സംഭവിക്കുന്നതുപോലെ. പള്ളിയിലാകട്ടെ എല്ലാവരും പാട്ടുപാടി ആരാധിക്കുകയാണല്ലോ വേണ്ടത്. സമൂഹത്തിനു ഒന്നു ചേർന്ന് പാടാവുന്ന ലളിതമായ പാട്ടുകൾ തിരഞ്ഞെടുക്കണം.



(From the film Sister Act 1, please watch it)

9. സമൂഹത്തിന്റെ ശബ്ദം മുക്കിക്കളയുന്ന ഉയർന്ന ശബ്ദത്തിൽ/ പിച്ചിൽ ഗായക സംഘം ഒരിക്കലും പാടരുത്.

10. താളവും പിച്ചും കളയാതെ സമൂഹത്തെ പാടാൻ സഹായിക്കുകയാണ് യഥാർത്ഥ ഗായക സംഘം ചെയ്യുക. ഉപകരണങ്ങളുടെ അതിപ്രസരത്തിൽ പാട്ടിന്റെ വരികൾ മനസിലാക്കാതെ പോകരുത്; വായ്പ്പാട്ടിന്റെ ഭംഗി കളയുകയും അരുത്.

11. (സാമുവേൽ അച്ചൻ പറയുന്നതുപോലെ) പള്ളിയിൽ പാടുമ്പോൾ കീബോർഡിൽ താളം ഇടാതിരിക്കുകയാണ് നല്ലത്. പക്ഷെ ഇതിനു ശരിയായ പരിശീലനം വേണ്ടിവരും.

12. സോഫ്റ്റ് മ്യൂസിക് ആണ് പള്ളിയിലെ ആരാധനക്ക് നല്ലത്. ഇവിടേയും ആരാധനയും ഗാനമേളയും തമ്മിൽ വേർതിരിച്ചു കാണണം. ഗാനമേളക്ക് കേൾവിക്കാരെ പാടിപ്പാടി കയ്യിലെടുക്കാനാണല്ലോ പാട്ടുകാർ ശ്രമിക്കുന്നത്. പള്ളിയിൽ ഇതിനു പ്രസക്തി ഒട്ടും തന്നെയില്ല.

13. വലിയ ശബ്ദത്തിൽ പാടുന്നതിൽ പ്രസക്തി ഇല്ലെന്നു മാത്രമല്ല അരോചകവും ആരാധനക്ക് തടസവും ആണ്.

14. ഇക്കാര്യത്തിൽ, പാടുന്നവരും മൈക്ക് നിയന്ത്രിക്കുന്നവരും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരും ഏകമനസായി ഒരേ ലക്ഷ്യത്തോടെ ശ്രമിക്കേണ്ടതാണ്. ഇത് കൂട്ടായ ശ്രമമാണല്ലോ.

15. മാർക്കറ്റിൽ കിട്ടുന്ന പാട്ടുകളും അതിന്റെ രീതിയും രാഗവും പലപ്പോഴും പള്ളിയിൽ ആരാധനയ്ക്ക് ചിട്ടപ്പെടുത്തിയിരിക്കുന്നതല്ല. അത് കാറിൽ ഇരുന്നു കേൾക്കാനും മറ്റു പൊതുപരിപാടികൾക്കു കൊഴുപ്പുകൂട്ടാനും വേണ്ടി രൂപകല്പന ചെയ്തിരിക്കുന്നതാണ്. നിർമ്മാതാക്കൾക്കും പ്രസാധകർക്കും സാമ്പത്തിക നേട്ടം ഉണ്ടാക്കുക എന്ന ലക്ഷ്യം ഇതിന്റെ പിന്നിലുണ്ട്. ഇതും ആരാധനയുടെ ചൈതന്യവുമായി പൊരുത്തപ്പെടില്ല. അതുകൊണ്ടു ആരാധനക്ക് പാട്ടുകൾ തിരഞ്ഞെടുക്കുമ്പോൾ അങ്ങേയറ്റം ശ്രദ്ധ ഉണ്ടാകണം.

16. നീളം കൂടിയ ഇൻട്രോയും, ഭക്തിഭാവം ജനിപ്പിക്കാത്ത Background മ്യൂസിക്കും Artificial ഹമ്മിംഗും ഒരിക്കലും ആരാധനക്ക് ചേർന്നതല്ല. പെൻഡ്രൈവ് ഉപയോഗിച്ചുള്ള choir അപ്പാടെ നിറുത്തണം.

17. കുർബാനയിൽ ഓരോ അവസരത്തിലും പാടാൻ പ്രത്യേകം പാട്ടുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും ഒരു ഭക്തിഗാനംപാടിയാൽ പോരാ. ഉദാഹരണത്തിന്; മൃതസംസ്കാരത്തിന്റെ കുർബാനക്കു, കുർബാന സ്വീകരിക്കുമ്പോൾ, 'സമയമാം രഥത്തിൽ ഞാൻ...' എന്നപാട്ടിന് സമാനമായ പാട്ടുകൾ പാടാറുണ്ട്. പാട്ടു നല്ലതാണ്. അത് അനവസരത്തിൽ ആയാലോ. ഇത് ഒരുദാഹരണം മാത്രം.

18 Fr. John Samuel speaks about church choir: Choir in Church Worship/ ആരാധനയിൽ ഗായകസംഘം എങ്ങനെ?



Please click on the following link and listen to it carefully and with humility. https://www.youtube.com/watch?v=8eAx4frbycs.

**മനസിലെ ഭക്തിയാണ് പാട്ടിലും പ്രാർത്ഥനയിലും പ്രകടമാകുന്നത്. കാർമികനായാലും പാട്ടുകാരായാലും സമൂഹമായാലും ഇത് ഒരുപോലെ ശരിയാണ്. നമുക്ക് ആദ്യം മനസ്സിനെ പരുവപ്പെടുത്താം.**

---

Compiled & edited by Fr. Paul Kotackal (sr.)